IV. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി രണ്ടാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി രണ്ടാമത് റിപ്പോർട്ട് സമിതി ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

V. നിയമനിർമ്മാണകാര്യം

(1) ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ: ശമ്പള ബില്ലും പെൻഷൻ നൽകുന്നതുസംബന്ധിച്ച ബില്ലും ഒരുമിച്ച് മൂവ് ചെയ്യാവുന്നതാണ്.

(i) 2003-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ.

(ii) 2003-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച (ഭേദഗതി) ബിൽ.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, 2003-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2003-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): 2003-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2003-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച (ഭേദഗതി) ബില്ലും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, നിരവധി വർദ്ധനവുകളുടെ ഫലമായി ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് മെമ്പർമാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന അലവൻസുകൾ തികയാത്ത സാഹചര്യം ഉണ്ടായപ്പോൾ അത് വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം പതിനൊന്നാം കേരള നിയമസഭ നിലവിൽ വന്നതിനുശേഷം പല ഭാഗത്തുനിന്നും ഉയർന്നു വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ മെമ്പർമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കാണിക്കുന്ന സജീവമായ താല്പര്യം മെമ്പർമാരുടെ ആവശ്യം ഉന്നയിക്കുന്നത് ദീർഘിപ്പിച്ചു എന്നുള്ളത് ഈ അവസരത്തിൽ ഞാൻ സ്മരിക്കുകയാണ്. എന്നാൽ പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതിന് സാധിക്കാതെ പോയി. ഇപ്പോൾ മെമ്പർമാരുടെ അലവൻസുകൾ വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചത് അഭിപ്രായസമന്വയത്തിലൂടെയാണ്. ഏറ്റവും അധികം ബുദ്ധിമുട്ടുകൾ വന്നിട്ടുള്ള ഒരു നിയമമാണിത്. മെമ്പർമാരുടെ ശമ്പളത്തിൽ യാതൊരു മാറ്റവും വരുത്താൻ ഗവൺമെന്റ് തീരുമാനിച്ചില്ല. എന്നാൽ കോൺസ്റ്റിറ്റ്യുവൻസി അലവൻസ് 2500 രൂപ എന്നുള്ളത്.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതൊന്നും പറയണ്ട. കാര്യം ഒന്നോ രണ്ടോ വാചകത്തിൽ ചുരുക്കി പറഞ്ഞാൽ മതി.

ശ്രീ. എം. എം. ഹസ്സൻ: ആയിരം രൂപയുടെ വർദ്ധനവേയുള്ളൂ. ടെലഫോൺ അലവൻസിൽ ആയിരം രൂപയുടെ വർദ്ധനവുണ്ട്. മിനിമം ടി.എ.-യിൽ മൂവായിരം രൂപയുടെ വർദ്ധനവുണ്ട്. എം.എൽ.എ.-മാർക്കുള്ള ടി.എ. കിലോമീറ്ററിന് 2.50 എന്നുള്ളത് നാലു രൂപയാക്കി. ഡി.എ. നാനൂറു രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനു കാരണം 1999-നു ശേഷം പെട്രോളിന് പന്ത്രണ്ടു തവണയും ഡീസലിനു പതിനഞ്ച് തവണയും വില വർദ്ധിപ്പിക്കുകയുണ്ടായി. ഡീസലിന് 1-4-2000-ത്തിൽ 16.13 പൈസ ആയിരുന്നത് നിരവധി വർദ്ധനവുകൾക്കുശേഷം 16-3-2003-ൽ 24.69 പൈസയായി. പെട്രോളിനാണെങ്കിൽ 1-4-2000-ത്തിൽ 28.63 പൈസ ആയിരുന്നത് 16-3-2003-ൽ 36.33 പൈസയായി വർദ്ധിച്ചു. ടെലഫോൺ ചാർജ്ജസും ഈ നാലു കൊല്ലക്കാലത്തിനിടയ്ക്ക് ഇത്തവണ താരീഫിൽ വർദ്ധനവു വന്നു. മറ്റു സംസ്ഥാനങ്ങളിലെ എം.എൽ.എ.-മാർക്ക് ലഭിക്കുന്ന അലവൻസുകളുമായി തട്ടിച്ചു നോക്കുമ്പോൾ നിലവിലിരിക്കുന്നതും ഇപ്പോൾ വർദ്ധിപ്പിക്കുന്നതും വളരെ കുറവാണ്. ആന്ധ്രാ പ്രദേശിൽ ഇരുപത്തിനാലായിരം രൂപയാണ് എം.എൽ.എ.-മാർക്ക് ശമ്പളവും ബത്തയുമായി ലഭിക്കുന്നത്. ഗോവയിൽ 23,000 രൂപയാണ്. മഹാരാഷ്ട്രയിൽ 18,000 രൂപയും രാജസ്ഥാനിൽ 15,000 രൂപയുമാണ്. പല സ്റ്റേറ്റുകളിലും ഇതുപോലുള്ള വർദ്ധനവുണ്ട്. ഇവിടെ കോൺസ്റ്റിറ്റ്യുവൻസി അലവൻസ് 3500 രൂപയായിട്ട് വർദ്ധിപ്പിക്കുമ്പോൾ മഹാരാഷ്ട്രയിൽ എം.എൽ.എ.-മാർക്ക് കോൺസ്റ്റിറ്റ്യുവൻസി അലവൻസ് 10,000 രൂപയാണ്. ഗോവയിൽ 7,000 രൂപ, ഹരിയാനയിൽ 6,000 രൂപ, ആന്ധ്ര, ജമ്മു-കാശ്മീർ, മേഘാലയ, മിസോറാം, പഞ്ചാബ്, ഉത്തർപ്രദേശ്, ഉത്തരാഞ്ചൽ ഇവിടങ്ങളിലെല്ലാം 5,000 രൂപയാണ്. എന്നാൽ ഇവിടെ 3,500 രൂപയാണ്. ടെലഫോൺ ചാർജ്ജസിൽ ആന്ധ്രയിൽ 8,000 രൂപയാണ്. ഇവിടെ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത് നാലായിരം രൂപയാണ്. ഒറീസ്സയിൽ 7,500 രൂപയാണ്. മഹാരാഷ്ട്രയിൽ 6,000 ആണ്. ഹരിയാന, ഗോവ, കർണ്ണാടക തുടങ്ങിയ സ്ഥലങ്ങളിലെല്ലാം അയ്യായിരം രൂപയാണ്. പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിലുണ്ടായ വർദ്ധനവ്, ടെലഫോൺ ചാർജ്ജിലുണ്ടായിട്ടുള്ള വർദ്ധനവ് ഇതിന്റെയൊക്കെ

10 A.M.] ഫലമായി കോൺസ്റ്റിറ്റ്യുവൻസി അലവൻസ്, ടെലഫോൺ അലവൻസ് മിനിമം ടി.എ. ഇവയിലാണ് മാറ്റം വരുത്തിയത്. അതോടൊപ്പം മുൻ എം.എൽ.എ.-മാർക്ക് നൽകുന്ന പെൻഷനിലും ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. മിനിമം പെൻഷൻ 2,000 രൂപ എന്നുള്ളത് 2,500 രൂപയായും അഞ്ച് കൊല്ലത്തേയ്ക്ക് 3,600 രൂപ എന്നുള്ളത് 4,500 രൂപയായും മാക്സിമം പെൻഷൻ 12,500 രൂപയായും ആണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ജീവിത ചെലവുകളും മറ്റും വർദ്ധിച്ച സാഹചര്യത്തിൽ പല മുൻ എം.എൽ.എ.-മാരും സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുകയും കഷ്ടപ്പെടുകയും ചെയ്യുന്നു. അവർക്കും ഇത് സഹായകമാണ്. അതുകൊണ്ട് എം.എൽ.എ.-മാർക്ക് കുത്തനെ ശമ്പളം ഉയർത്തുന്നുവെന്നോ എം.എൽ.എ.-മാർക്ക് വാരിക്കോരി പണം കൊടുക്കുന്നുവെന്നോ ഉള്ള വിമർശനങ്ങൾ അടിസ്ഥാനരഹിതമാണ്. മെമ്പർമാരുടെ വർദ്ധിച്ചു വരുന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഇതുതന്നെ പര്യാപ്തമല്ല. എങ്കിൽപ്പോലും അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ധനകാര്യ വകുപ്പുമന്ത്രിയും കാണിച്ച ഒരു താല്പര്യത്തിന്റെ പേരിലാണ് ഇത്തരത്തിലുള്ള ഒരു തീരുമാനമെടുക്കുന്നത്. ഇപ്പോൾ ഇത് ഒട്ടും കൂടുതലല്ല എന്ന് സൂചിപ്പിക്കാൻ വേണ്ടിയാണ് ഞാൻ ഈ കാര്യങ്ങൾ പറഞ്ഞത്. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly.

മി. സ്പീക്കർ: പ്രമേയത്തിന് ഭേദഗതികളില്ല. 2003-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2003-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച (ഭേദഗതി) ബില്ലും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2003-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2003-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച viii-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഞാൻ ആമുഖമായി ദീർഘമായ ഒരു പ്രസംഗം നടത്തണമെന്ന് ആഗ്രഹിക്കുന്നില്ല. ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ബാക്കി കാര്യങ്ങൾ ഞാൻ മെമ്പർമാരുടെ അഭിപ്രായങ്ങൾക്കുശേഷം പറയാം.

ശ്രീമതി മാലേത്ത് സരളാദേവി: സർ, 2003-ലെ കേരള ധനകാര്യ ബിൽ പൊതു ജനാഭിപ്രായം ആരായുന്നതിനായി 31-8-2003 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ബാലൻ: സർ, 2003-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, 2003-ലെ കേരള ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുന്നു. പുതിയ നികുതികളൊന്നും ഏർപ്പെടുത്തുകയില്ലെന്ന മന്ത്രിയുടെ അവകാശ വാദം പൊള്ളയായിരുന്നുവെന്ന് വ്യക്തമാക്കുന്നതാണ് ഈ പുതിയ നികുതി നിർദ്ദേശം. 1994-ൽ മോട്ടോർ വാഹനങ്ങൾക്ക് മാത്രമായിരുന്നു പ്രവേശന നികുതി ഏർപ്പെടുത്തിയിരുന്നത്. ഇതിനകം 34 ഇനങ്ങൾക്കുകൂടി പ്രവേശന നികുതി ഏർപ്പെടുത്തിക്കഴിഞ്ഞു. ഇപ്പോൾ 9 പുതിയ ഇനങ്ങൾക്കുകൂടി പ്രവേശന നികുതി ഏർപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ ജീവിത ഭാരം വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇപ്പോൾ വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ പേപ്പർ മുതൽ ആശുപത്രി ഉപകരണങ്ങൾക്കുവരെ പ്രവേശന നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. ശസ്ത്രക്രിയ ഉപകരണങ്ങളെപ്പോലും വെറുതെ വിട്ടില്ല. ചികിത്സാരംഗം ഇന്ന് അപ്രാപ്യവും ചെലവേറിയതുമായിരിക്കുകയാണ്. സർക്കാർ ബഡ്ജറ്റിൽ ആവശ്യത്തിനുള്ള തുക വകയിരുത്താതെ ആരോഗ്യ രംഗത്ത് നിന്ന് മെല്ലെ മെല്ലെ പിന്തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. അതേസമയം പുതിയ നികുതികൾ ഏർപ്പെടുത്തിക്കൊണ്ട് ചികിത്സാ ചെലവ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. ആശുപത്രികളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളും രാസവസ്തുക്കളും 90 ശതമാനവും കേരളത്തിന് പുറത്തു നിന്നാണ് കൊണ്ടുവരുന്നത്.